# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 21**

---

## നൂതന വികസന ആശയങ്ങൾ; സംവാദ പരമ്പരയ്ക്ക് ഇന്ന് തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റീഡസിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ടെക്നോളജി ആന്റ് ഹ്യൂമൻ ഡവലപ്മെന്റ് സ്റ്റഡീസ്(സിടിഎച്ച്ഡിഎസ്) സംഘടിപ്പിക്കുന്ന നൂതന വികസന ആശയങ്ങളെക്കുറിച്ചുള്ള സംവാദ പരമ്പരയ്ക്ക് ഇന്ന്(ഓഗസ്റ്റ് 22) തുടക്കമാകും.

രാവിലെ 11ന് വകുപ്പിൽ നടക്കുന്ന പരിപാടിയിൽ കിലയിലെ അർബൻ ചെയർ പ്രഫസർ അജിത്ത് കാളിയത്ത് നഗരഭരണത്തിന്റെ കാലോചിത ശാക്തീകരണം എന്ന വിഷയത്തിൽ ആദ്യ പ്രഭാഷണം നടത്തും. പുത്തൻ സാങ്കേതിക വിദ്യകളും ക്രിയാത്മക സമീപനങ്ങളും കേരളത്തിലെ നഗരഭരണ സംവിധാനത്തിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിക്കും.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് അധ്യക്ഷത വഹിക്കും. വികസന പ്രക്രിയയ്ക്ക് ഉപകരിക്കുന്ന ക്രിയാത്മക സമീപനം വളർത്തുന്നതിന് ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന സംവാദ പരമ്പരയിൽ അക്കാദമിക് വിദഗ്ധർക്കും വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും പങ്കെടുക്കാമെന്ന് സിടിഎച്ച്ഡിഎസ് ഡയറക്ടർ ഡോ. രാജേഷ് മണി പറഞ്ഞു.
(പി.ആർ.ഒ/39/761/2024)

## പിജി പ്രവേശനം; രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അന്തിമ അലോട്ട്മെന്റിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

നിലവിൽ പി.ജി പ്രോഗ്രാമുകളിൽ പ്രവേശനം എടുത്തവർ ഒഴികെയുള്ളവർക്ക് അപേക്ഷിക്കാം. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് 23, 24 തീയതികളിൽ കോളജുകളിൽ പ്രവേശനം നടക്കും.
(പി.ആർ.ഒ/39/762/2024)

## ബിഎഡ്;രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ്

മഹാത്മാ ഗാന്ധി സർവകലാശാലുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിഎഡ് പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റിൽ താത്കാലിക പ്രവേശനം എടുത്തവരും രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിൽ ഉൾപ്പെട്ടവരും ഇന്ന്(ഓഗസ്റ്റ് 22) വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ സ്ഥിര പ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥിര പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും.
(പി.ആർ.ഒ/39/763/2024)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ ഹിസ്റ്ററി, എംഎസ്സി കമ്പ്യൂട്ടർ സയൻസ്, എംഎസ്സി മാത്തമാറ്റിക്സ്, ഇൻഡസ്ട്രിയൽ കെമിസ്ട്രി, എംഎസ്സി ക്ലിനിക്കൽ ന്യുട്രിഷൻ ആന്റ് ഡയറ്ററ്റിക്സ് (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററിയും റീ അപ്പിയറൻസും ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ മൂന്നുവരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

............

നാലാം സെമസ്റ്റർ എംഎ ഹിസ്റ്റോറിക്കൽ സ്റ്റഡീസ്, (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ മൂന്നുവരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

............

നാലാം സെമസ്റ്റർ എംഎസ്സി ഫർമസ്യൂട്ടിക്കൽ കെമിസ്ട്രി, (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/764/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എംഎസ്സി സൈക്കോളജി (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 23 മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

............

മൂന്നാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ അനാട്ടമി (2020 അഡ്മിഷൻ റഗുലർ, 2017 മുതൽ 2029 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2016 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 11 മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.

............

രണ്ടാം സെമസ്റ്റർ ബോട്ടണി ( മോഡൽ 1, 2, 3 സിബിസിഎസ് 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മേയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 27 മുതൽ

കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

............

രണ്ടാം സെമസ്റ്റർ എംഎസ്സി ജിയോളജി (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ മൂന്നു മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

............

രണ്ടാം സെമസ്റ്റർ ബി വോക്ക് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവീസസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ (ഇന്റേൺഷിപ്പ്-1) ഓഗസ്റ്റ് 30ന് കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/765/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഓഗസ്റ്റ് 23ന് സ്പോട്ട് അഡ്മിഷൻ നടത്തും. എംഎസ്സി ഫിസിക്സ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി(ജനറൽ-1) എംഎസ്സി കെമിസ്ട്രി നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി(ജനറൽ-1), എംടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ജനറൽ-9), എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി രാവിലെ 11.30ന് മുൻപ് വകുപ്പ് ഓഫീസിൽ (റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ(https://snsnt.mgu.ac.in/)
ഫോൺ- 9995108534,9188606223

..............

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെകനോളജി കണ്ണൂർ സർവകലാശാലയുമായി ചേർന്നു നടത്തുന്ന എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ ഓഗസ്റ്റ് 23ന് സ്പോട്ട് അഡ്മിഷൻ നടത്തും. എംഎസ്സി കെമിസ്ട്രി നാനോസയൻസ് ആന്റ് നാനോടെക്നോളജി (ജനറൽ മെറിറ്റ്-3), എംഎസ്സി ഫിസിക്സ് നാനോസയൻസ് ആന്റ് നാനോടെക്നോളജി (ജനറൽ മെറിറ്റ്-4) എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം. അർഹരായവർ രാവിലെ 11.30ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://nnsst.mgu.ac.in) ഫോൺ -9995108534, 9188606223.

........................

സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജിയിൽ എംഎസ്സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ജനറൽ മെറിറ്റിൽ മൂന്നു സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി ഓഗസ്റ്റ് 23ന് ഉച്ചയ്ക്ക് 12.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലകസ്) എത്തണം. യോഗ്യത സംബന്ധിച്ച വിശദ വിവരങ്ങൾ https://cat.mgu.ac.in/schoolpolymer.php എന്ന ലിങ്കിൽ.
ഫോൺ-9562578730, 9400201036.

(പി.ആർ.ഒ/39/766/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**